(എഫ്) ഗ്രാമീണ വികസന പദ്ധതികൾ ഗ്രാമ വികസന വകുപ്പ് ഏറ്റെടുക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന മാനദണ്ഡമെന്താണ്; പ്രസ്തുത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ നിലവിലുള്ള പ്രവൃത്തികൾ ശുപാർശ ചെയ്തതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗ്രാമ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ കൊടുത്തിരിക്കുന്നു:

1. സ്വർണ്ണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)
2. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ)
3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ)
4. ദേശീയ തൊഴിലിന് കൂലി ഭക്ഷണം പദ്ധതി.
5. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ)
6. സമ്പൂർണ്ണ ഗ്രാമീണ ശുചിത്വ പരിപാടി.
7. തരിശുഭൂമി വികസന പരിപാടി (ഐ.ഡബ്യൂ.ഡി.പി.)
8. ഹരിയാലി.
9. ആർ.ഐ.ഡി.എഫ് റോഡ് പ്രോജക്ടുകൾ.

(ബി—ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) എസ്.ജി.എസ്.വൈ, എസ്.ജി.ആർ.വൈ, ഇന്ദിരാ ആവാസ് യോജന സമ്പൂർണ്ണ ഗ്രാമീണ ശുചിത്വ പരിപാടി എന്നീ പദ്ധതികൾ എല്ലാ മണ്ഡലങ്ങളിലും നടപ്പിലാക്കിവരുന്നു. മറ്റ് പദ്ധതികൾ ഏതെല്ലാം മണ്ഡലങ്ങളിൽ നടപ്പിലാക്കിവരുന്നു എന്നത് സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഗ്രാമവികസന വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നത് ഓരോ പദ്ധതിയുടെയും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ്.

മാവൂർ ചെറൂപ്പ സബ് രജിസ്ട്രാർ ഓഫീസ്

128 [706] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ (ചെറൂപ്പ) സബ് രജിസ്ട്രാർ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ സ്ഥലപരിമിതിമൂലം ജീവനക്കാരും സന്ദർശകരും പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ പ്രയാസം പരിഹരിക്കുന്നതിനായി മാവൂർ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടെങ്കിൽ എവിടെയാണ് കണ്ടെത്തിയത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കെട്ടിട നിർമ്മാണ പ്രവൃത്തി എന്നാരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി—ഇ) സ്വന്തമായി സ്ഥലം ലഭിച്ചെങ്കിൽ മാത്രമേ കെട്ടിടം പണിയാൻ കഴിയൂ. സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം പണിയുവാൻ സ്ഥലം ഇതുവരെ കണ്ടെത്തിയിട്ടില്ല.

വയനാട് ജില്ലയിലെ സർവ്വെ നമ്പർ 238/1-ൽ പ്പെട്ട ഭൂമിയുടെ രേഖ

129 [707] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിലെ കാഞ്ഞിരംകാട് വില്ലേജിൽ സർവ്വെ നമ്പർ 238/1, ഭൂമി 3-12-2001-ന് 2717-ാം നമ്പർ, 2290-ാം നമ്പർ എന്നീ ആധാരപ്രകാരം രജിസ്ട്രേഷൻ നടക്കുന്ന സമയത്ത് പ്രസ്തുത സർവ്വെ നമ്പറിൽ നിക്ഷിപ്ത വനം രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

കടലുണ്ടി പഞ്ചായത്ത് കേന്ദീകരിച്ച് ടൂറിസം പദ്ധതി

130 [723] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടി പഞ്ചായത്തിലെ പക്ഷി സങ്കേതവും, തുരുത്തുകളും കേന്ദീകരിച്ച് ഒരു ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്?

ഉത്തരം

(എ—സി) വള്ളിക്കുന്ന്, കടലുണ്ടി-പക്ഷി സങ്കേതം എന്നിവയുടെ വികസനം ലക്ഷ്യമാക്കി 9,17,500 രൂപയുടെ ഒരു പദ്ധതിക്ക് 2004-ൽ സർക്കാർ അനുമതി നൽകിയിരുന്നു. കടലുണ്ടി കേന്ദീകരിച്ച് ഒരു പുതിയ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള സാധ്യതകൾ മലപ്പുറം ഡി.റ്റി.പി.സി. പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly